(സി) കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആത്മധൈര്യവും മാനസികവും ശാരീരികവും സാമൂഹ്യപരവുമായ പുരോഗതിയും സമൂഹത്തിൽ സ്വയം പ്രതിരോധിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുകയുമാണ് "കരുത്ത്" എന്ന പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്.

## നാഷണൽ മീൻസ്-കം-മെരിറ്റ് സ്കോളർഷിപ്പ്

57(2913) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ മീൻസ്-കം-മെരിറ്റ് സ്കോളർഷിപ്പ് നേടിയ കോഴിക്കോട് വളയം ഗവ: ഹയർസെക്കണ്ടറി സ്കൂളിലെ എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത സ്കോളർഷിപ്പ് തുക നൽകാൻ ബാക്കിയുണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് തുക നൽകാതിരുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക എപ്പോൾ നൽകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിൽ (എം.എച്ച്.ആർ.ഡി.) നിന്നും നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് തുക അർഹരായ കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡി.ബി.റ്റി. മുഖേന നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. കുട്ടികളുടെ ബാങ്ക് അക്കൗണ്ട് നമ്പരിലെ പിഴവുകൾ മൂലമാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന് ഡി.ബി.റ്റി. മുഖേന സ്കോളർഷിപ്പ് തുക നിക്ഷേപിക്കുവാൻ സാധിക്കാത്തത്. ശരിയായ വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ എം.എച്ച്.ആർ.ഡി.-യെ അറിയിക്കുകയും അതുവഴി സ്കോളർഷിപ്പ് തുക ലഭ്യമാക്കുകയും ചെയ്യുന്നതാണ്.

## ഓപ്പൺ സ്കൂളിലെ ജീവനക്കാരുടെ നിയമനം

58(2915) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂളിൽനിന്നും നിലവിലുള്ള ജീവനക്കാരെ ആരെയെങ്കിലും പിരിച്ചുവിടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര ജീവനക്കാരുണ്ട്; ഇവർ എത്രകാലമായി ജോലി ചെയ്യുന്നവരാണ്;

LIBRARY ARCHIVES Kerala Legislative Assembly